# അമൃത ആയുർവേദ ആശുപത്രി പ്രവർത്തനം തുടങ്ങി

കരുനാഗപ്പള്ളി: അമൃതാ ആയുർവേദ മെഡിക്കൽ കോളജിന്റെ ആശുപത്രി വിഭാഗം പ്രവർത്തനമാരംഭിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ഗുരുചരണാമൃത ചൈതന്യ ഉദ്ഘാടനം ചെയ്തു.

സ്പെഷ്യൽറ്റി വിഭാഗങ്ങളുടെയും പൊതുവിഭാഗങ്ങളുടെയും ഒ. പി. രാവിലെ എട്ടു മുതൽ ഒന്നര വരെ പ്രവർത്തിക്കും. പഞ്ചകർമം, പിഴിച്ചിൽ, ഞവരക്കിഴി എന്നീ വിഭാഗങ്ങളുടെ ഒ. പി. രാവിലെ 6.30 മുതൽ 11.30 വരെയും മൂന്നു മുതൽ ആറു വരെയും. സ്പെഷ്യൽറ്റി വിഭാഗങ്ങളുടെയും പഞ്ചകർമം, പിഴിച്ചിൽ, ഞവരക്കിഴി വിഭാഗങ്ങളുടെയും കിടത്തി ചികിൽസിക്കാനുമുള്ള സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ അറിയിച്ചു.

ആധുനിക ശാസ്ത്ര സാങ്കേതിക രോഗനിർണയ സംവിധാനങ്ങൾ ആയുർവേദ ചികിൽസാ രീതികളിൽ പ്രയോജനപ്പെടുത്തിയുള്ള രോഗനിവാരണമാണ് ലക്ഷ്യം.